ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1167

# സൂറ-41 / ഹാമീം അസ്സജദ - ഫുസ്സിലത്

## സൂക്തം: 22-25

ഏറ്റം പൊറുക്കുന്നവനും മാപ്പു കൊടുക്കുന്നവനും തന്നെയാണ് അല്ലാഹു. അതുപക്ഷേ, മാപ്പപേക്ഷയും ക്ഷമാപണവും സമർപ്പിക്കേണ്ട സന്ദർഭത്തിൽ സമർപ്പിക്കുമ്പോഴാണ്. ഭൗതിക ജീവിതത്തിൽ അന്ത്യശ്വാസം വരെ അല്ലാഹുവിനോട് മാപ്പു തേടാൻ അവസരമുണ്ട്. ജീവിതകാലത്ത് പശ്ചാത്തപിച്ചു മാപ്പു തേടുകയാണെങ്കിൽ ഏതു പാപവും അവൻ പൊറുത്തു കൊടുക്കും. മരണപ്പെടുന്നതോടുകൂടി പാപ-പുണ്യങ്ങൾ ചെയ്യാനും പശ്ചാത്തപിക്കാനുമുള്ള അവസരം അവസാനിക്കുന്നു.

وَمَا كُنتُمْ تَسْتَتِرُونَ أَن يَشْهَدَ عَلَيْكُمْ سَمْعُكُمْ وَلَآ أَبْصَـٰرُكُمْ وَلَا جُلُودُكُمْ وَلَـٰكِن ظَنَنتُمْ أَنَّ ٱللَّهَ لَا يَعْلَمُ كَثِيرًا مِّمَّا تَعْمَلُونَ ﴿٢٢﴾

22. രഹസ്യമായി പാപങ്ങൾ ചെയ്തുകൊണ്ടിരുന്നപ്പോൾ സ്വന്തം കാതുകളും കണ്ണുകളും ചർമങ്ങളും നിങ്ങൾക്കെതിരെ സാക്ഷികളാകുമെന്ന് ഓർത്തിരുന്നില്ലല്ലോ. പ്രത്യുത, നിങ്ങളുടെ ചെയ്തികളിൽ ഏറെയും അല്ലാഹു അറിയുകയില്ല എന്നായിരുന്നു നിങ്ങളുടെ വിചാരം.

وَذَٰلِكُمْ ظَنُّكُمُ ٱلَّذِى ظَنَنتُم بِرَبِّكُمْ أَرْدَىٰكُمْ فَأَصْبَحْتُم مِّنَ ٱلْخَـٰسِرِينَ ﴿٢٣﴾

23. നിങ്ങളുടെ വിധാതാവിനെക്കുറിച്ചു ഊഹിച്ച ആ ഊഹമുണ്ടല്ലോ, അതാണ് നിങ്ങളെ നശിപ്പിച്ചത്. അങ്ങനെ നിങ്ങൾ എല്ലാം നഷ്ടപ്പെട്ടവരായിത്തീർന്നു.

فَإِن يَصْبِرُوا۟ فَٱلنَّارُ مَثْوًى لَّهُمْ ۖ وَإِن يَسْتَعْتِبُوا۟ فَمَا هُم مِّنَ ٱلْمُعْتَبِينَ ﴿٢٤﴾

24. അവർ ക്ഷമിച്ചാലും ഇല്ലെങ്കിലും നരകം തന്നെയാണവരുടെ പാർപ്പിടം. ഇനി കുറ്റം സമ്മതിച്ച് മാപ്പപേക്ഷിക്കുകയാണെങ്കിൽ അവർക്ക് മാപ്പു ലഭിക്കുന്നതുമല്ല.

**22-24**

وَمَا كُنتُمْ تَسْتَتِرُونَ = നിങ്ങൾ സ്വയം മറച്ചിരുന്ന യാതൊന്ന്, മറച്ചു വെക്കുന്നവരായിരുന്നില്ല (രഹസ്യമായി പാപങ്ങൾ ചെയ്യുമ്പോൾ ഓർത്തിരുന്നില്ലല്ലോ)
أَن يَشْهَدَ عَلَيْكُمْ = നിങ്ങൾക്കെതിരെ സാക്ഷിയാ(കളാ)കുന്നത് (ക്കുമെന്ന്) سَمْعُكُمْ = നിങ്ങളുടെ കാതുകളും
وَلَا أَبْصَارُكُمْ = നിങ്ങളുടെ കണ്ണുകളും (സാക്ഷികളാകുമെന്ന് ഓർത്തിരുന്നില്ലല്ലോ)
وَلَا جُلُودُكُمْ = നിങ്ങളുടെ ചർമങ്ങളും ഇല്ല (സാക്ഷികളാകുമെന്ന് ഓർത്തിരുന്നില്ലല്ലോ)
وَلَـٰكِن ظَنَنتُمْ = പ്രത്യുത, നിങ്ങൾ ഊഹിച്ചു (നിങ്ങളുടെ വിചാരം)
أَنَّ اللَّهَ لَا يَعْلَمُ = എന്തെന്നാൽ അല്ലാഹു അറിയുന്നില്ല (എന്നായിരുന്നു)

كَثِيرًا مِّمَّا تَعْمَلُونَ = നിങ്ങൾ പ്രവർത്തിക്കുന്നതിൽനിന്ന് (ങ്ങളുടെ ചെയ്തികളിൽ) ഏറെയും
وَذَٰلِكُمْ ظَنُّكُمُ = (നിങ്ങളുടെ ആ ഊഹം(ഉണ്ടല്ലോ) ‏ الَّذِي ظَنَنتُم = നിങ്ങൾ ഊഹിച്ചതായ
بِرَبِّكُمْ = നിങ്ങളുടെ വിധാതാവിനെക്കുറിച്ച് ‏ أَرْدَاكُمْ = (അത് (ആണ്) നിങ്ങളെ നശിപ്പിച്ചു(ച്ചത്)
فَأَصْبَحْتُم = അങ്ങനെ നിങ്ങൾ ആയിത്തീർന്നു ‏ مِّنَ الْخَاسِرِينَ = എല്ലാം നഷ്ടപ്പെട്ടവ(ർ)രിൽപ്പെട്ടവർ
فَإِن يَصْبِرُوا = (ക്ഷമിച്ചാലും ഇല്ലെങ്കിലും) അവർ ക്ഷമിക്കുന്നുവെങ്കിൽ ‏ فَالنَّارُ = നരകം(തന്നെ)ആണ്
مَثْوًى لَّهُمْ = അവരുടെ പാർപ്പിടം ‏ وَإِن يَسْتَعْتِبُوا = (ഇനി) അവർ കുറ്റം സമ്മതിച്ച് മാപ്പപേക്ഷിക്കുകയാണെങ്കിൽ
فَمَا هُم مِّنَ الْمُعْتَبِينَ = (അവർക്ക് മാപ്പു ലഭിക്കുന്നതുമല്ല) മാപ്പപേക്ഷ സ്വീകരിക്കപ്പെടുന്നവരിൽ പെട്ടവരുമല്ല

استتر (മറച്ചുവെക്കുക, മറഞ്ഞിരിക്കുക)യിൽനിന്നുള്ള വർത്തമാന ബഹുവചന ക്രിയാവചനമാണ് تَسْتَتِرُونَ. ഒരു കാര്യം മറച്ചു പിടിക്കുന്നതിനും അതിൽനിന്ന് മറഞ്ഞു നിൽക്കുന്നതിനും استتر عنه എന്നു പറയും. ഇവിടെ تَسْتَتِرُونَ-ക്കു ശേഷം عن അനുക്തമാകുന്നു. وَمَا എന്നതിലെ ما-യെ ചിലർ നിഷേധ പദമായും ചിലർ സംബന്ധികാ പ്രത്യയ(موصولة)മായും ഗണിച്ചിരിക്കുന്നു. ما-യെ നിഷേധാർഥത്തിലെടുത്താൽ, പാപകൃത്യങ്ങൾ ചെയ്യുമ്പോൾ ഒരുനാൾ അതെപ്പറ്റി നിങ്ങളുടെ അവയവങ്ങൾ തന്നെ നിങ്ങൾക്കെതിരെ സാക്ഷിപറയും എന്ന കാര്യം നിങ്ങൾക്ക് ഗോപ്യമായിരുന്നില്ല, അഥവാ നിങ്ങൾക്കു നന്നായിട്ട് അറിയാമായിരുന്നു എന്നാണാശയം. ما-യെ സംബന്ധികാ പ്രത്യയമായി എടുക്കുമ്പോൾ, നിങ്ങൾ രഹസ്യമായി ചെയ്യുന്ന പാപങ്ങൾ വെളിപ്പെടുത്തിക്കൊണ്ട് നിങ്ങളുടെ അവയവങ്ങൾ തന്നെ അല്ലാഹുവിന്റെ മുമ്പിൽ നിങ്ങൾക്കെതിരെ സാക്ഷികളാകും എന്ന് നിങ്ങൾ ഓർത്തിരുന്നില്ല എന്നും. ഈ ആശയമാണ് തുടർന്നുള്ള وَلَٰكِن ظَنَنتُمْ...... എന്ന വചനവുമായി ഏറെ യോജിക്കുന്നത്. എല്ലാ പാപങ്ങളും ദൈവം അറിയുന്നില്ല അല്ലെങ്കിൽ ശ്രദ്ധിക്കുന്നില്ല, പാപം ചെയ്തിട്ട് അതു വിളിച്ചു പറഞ്ഞു നടന്നാലാണ് പലപ്പോഴും ദൈവം അതു ശ്രദ്ധിക്കുക- ഇങ്ങനെയൊരു ധാരണ ചില ജാഹിലി അറബികൾക്കുണ്ടായിരുന്നു.

ഈ ജാഹിലി സങ്കൽപത്തെക്കുറിച്ച് ചില ശിഷ്യന്മാർ പ്രവാചകനോട് ചോദിച്ചപ്പോഴാണ് ഈ സൂക്തം അവതരിച്ചതെന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. ബഹുദൈവവിശ്വാസികളിൽ മാത്രമല്ല, ചില ഏകദൈവവിശ്വാസികളിൽ പോലും ഏറിയോ കുറഞ്ഞോ ഇന്നും ഈ തെറ്റുധാരണയുണ്ട്. വിശാലമായ വിട്ടുവീഴ്ചയും കനിവുമുള്ള അല്ലാഹു അടിമകളുടെ ചെറിയ തെറ്റുകുറ്റങ്ങൾ മാത്രമല്ല, ചിലപ്പോൾ മഹാപാപങ്ങൾ വരെ പൊറുത്തു കൊടുക്കും എന്നത് സത്യമാണ്. എന്നാൽ, അടിമയുടെ ചെറുതും വലുതുമായ ഒരനക്കവും അവൻ അറിയാതെ പോകുന്നില്ല. إِنَّ اللَّهَ لَا يَخْفَىٰ عَلَيْهِ شَيْءٌ فِي الْأَرْضِ وَلَا فِي السَّمَاءِ (ഭൂലോകത്തോ വാനലോകത്തോ യാതൊന്നും അല്ലാഹുവിന്റെ അറിവിൽനിന്ന് മറഞ്ഞുപോകുന്നില്ല -3:5). അവൻ അടിമയുടെ ചെറുതോ വലുതോ ആയ പാപം അറിയാതെ പോകുന്നതുകൊണ്ടല്ല, ശരിക്കും അറിഞ്ഞുകൊണ്ട് തന്നെ തന്റെ നീതിയുടെയും കാരുണ്യത്തിന്റെയും താൽപര്യമായിട്ടാണ് ശിക്ഷിക്കാതിരിക്കുന്നത്, പൊറുത്തുകൊടുക്കുന്നത്.

സത്യവിശ്വാസി അവലംബിക്കേണ്ടത് അല്ലാഹുവിന്റെ അശ്രദ്ധയെയോ അജ്ഞതയെയോ വിസ്മൃതിയെയോ അല്ല. അത്തരം ദൗർബല്യങ്ങളൊന്നും സർവശക്തനായ അവന് ലവലേശമില്ല. വല്ല ദൗർബല്യവും അല്ലാഹുവിൽ ആരോപിക്കുന്നത് തികഞ്ഞ കുഫ്റ് ആകുന്നു. പാപമോചനത്തിനും ശിക്ഷാ മുക്തിക്കും അവലംബിക്കേണ്ടത് അല്ലാഹുവിന്റെ അപാരമായ കനിവിനെയും കാരുണ്യത്തെയുമാണ്. മറിച്ച്, അവന്റെ അശ്രദ്ധയും അജ്ഞതയും മുതലെടുത്ത് രക്ഷപ്പെട്ടുകളയാമെന്ന് വിചാരിക്കുന്നത് പ്രപഞ്ച വിധാതാവും പരിപാലകനുമായ അല്ലാഹുവിനെ നിന്ദിക്കുക എന്ന ഗുരുതരമായ കുറ്റമാകുന്നു. അത് മഹാനാശത്തിലേക്കു മാത്രമേ മനുഷ്യനെ നയിക്കൂ. താൽക്കാലിക ലാഭങ്ങൾക്കുവേണ്ടി ഇത്തരം വിനാശകരമായ സങ്കൽപങ്ങൾ വെച്ചു പുലർത്തുന്നവർ ഒടുവിൽ എല്ലാം നഷ്ടപ്പെട്ടവരായി ഭവിക്കുന്നു.

ഈ ദുർവിധിയും മഹാനഷ്ടവും ക്ഷമയോടെ സ്വീകരിച്ചാലും അതിൽ അക്ഷമരായി വെപ്രാളപ്പെട്ടാലും നരകം തന്നെയാണ് അവർക്ക് പാർപ്പിടമായി ലഭിക്കുക. ശിക്ഷയിൽനിന്ന് മോചനം നേടാനോ ഇളവു ലഭിക്കാനോ വേണ്ടി കുറ്റങ്ങൾ ഏറ്റു പറഞ്ഞ് മാപ്പു തേടിയാൽ അതൊട്ടും സ്വീകരിക്കുകയുമില്ല. ഏറ്റം പൊറുക്കുന്നവനും മാപ്പു കൊടുക്കുന്നവനും തന്നെയാണ് അല്ലാഹു. അതുപക്ഷേ, മാപ്പപേക്ഷയും ക്ഷമാപണവും സമർപ്പിക്കേണ്ട സന്ദർഭത്തിൽ സമർപ്പിക്കുമ്പോഴാണ്. ഭൗതിക ജീവിതത്തിൽ അന്ത്യശ്വാസം വരെ അല്ലാഹുവിനോട് മാപ്പു തേടാൻ അവസരമുണ്ട്. ജീവിതകാലത്ത് പശ്ചാത്തപിച്ചു മാപ്പു തേടുകയാണെങ്കിൽ ഏതു പാപവും അവൻ പൊറുത്തു കൊടുക്കും. മരണപ്പെടുന്നതോടുകൂടി പാപ-പുണ്യങ്ങൾ ചെയ്യാനും പശ്ചാത്തപിക്കാനുമുള്ള അവസരം അവസാനിക്കുന്നു. പിന്നീടുള്ളത് വിചാരണയുടെയും രക്ഷാശിക്ഷയുടെയും അവസരമാണ്. വിചാരണാനന്തരം ശിക്ഷ വിധിക്കപ്പെട്ട് നരകത്തിലേക്ക് നയിക്കപ്പെടുന്ന കുറ്റവാളി അപ്പോൾ കുറ്റമേറ്റു പറഞ്ഞ് മാപ്പപേക്ഷിച്ചതുകൊണ്ട് ഒരു പ്രയോജനവുമില്ല. പകൽ വെളിച്ചത്തിൽ കണ്ണടച്ചിരുന്നവൻ അസ്തമിച്ച് ഇരുട്ടിയ ശേഷം കണ്ണുതുറന്ന് കാഴ്ചക്കുവേണ്ടി കേഴുന്നതുപോലെയാണത്.

മൂലത്തിലെ يَسْتَعْتِبُوا-ഉം الْمُعْتَبِينَ-ഉം عتب-യിൽനിന്നുദ്ഭവിച്ചതാണ്. കുറ്റപ്പെടുത്തലും ശാസിക്കലും ശകാരിക്കലും താക്കീതു ചെയ്യലുമൊക്കെ عتاب ആകുന്നു. ഉമ്മറപ്പടി, ചവിട്ടുകല്ല്, ഏണിപ്പടി എന്നീ അർഥങ്ങളും عتب-ന് ഉണ്ട്. عتب-യെ استعتب എന്ന് ഭേദപ്പെടുത്തുമ്പോൾ അർഥം, കുറ്റം ഏറ്റു പറഞ്ഞ് ക്ഷമാപണം ചെയ്യുക, മാപ്പ് തേടുക എന്നാകുന്നു. ആക്ഷേപിക്കപ്പെടുന്നവനും ശകാരിക്കപ്പെടുന്നവനും, കുറ്റസമ്മതം സ്വീകരിക്കപ്പെടുന്നവനും معتب ആകുന്നു. കുറ്റസമ്മതം സ്വീകരിക്കപ്പെട്ട് മാപ്പ് ലഭിക്കുന്നവരാണ് ഇവിടെ معتبين

കൊണ്ടുദ്ദേശ്യം. ചില വ്യാഖ്യാതാക്കൾ ഈ സൂക്തത്തെ വ്യാഖ്യാനിക്കുന്നതിങ്ങനെയാണ്: സൂക്തം സംസാരിക്കുന്നത് നരകകവാടത്തിലേക്ക് നയിക്കപ്പെട്ടവരോടല്ല. പ്രത്യുത, മുഹമ്മദ് നബിയെ ദ്രോഹിക്കുകയും ഖുർആനിനെ തള്ളിപ്പറയുകയും ചെയ്യുന്ന ഖുറൈശികളെക്കുറിച്ചാണ്. അവർ ആ നിലപാടിൽ ഉറച്ചു നിൽക്കുകയാണെങ്കിൽ നരകവാസമല്ലാതെ ഗത്യന്തരമില്ല. പരലോകത്ത് നരകം വിധിക്കപ്പെടുമ്പോൾ കുറ്റം ഏറ്റുപറഞ്ഞു വിലപിച്ചതുകൊണ്ടും ക്ഷമാപണം ചെയ്തതുകൊണ്ടും ഒരു ഫലവും ഉണ്ടാവില്ല. ●

۞ وَقَيَّضْنَا لَهُمْ قُرَنَآءَ فَزَيَّنُوا۟ لَهُم مَّا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَحَقَّ عَلَيْهِمُ ٱلْقَوْلُ فِىٓ أُمَمٍ قَدْ خَلَتْ مِن قَبْلِهِم مِّنَ ٱلْجِنِّ وَٱلْإِنسِ ۖ إِنَّهُمْ كَانُوا۟ خَٰسِرِينَ ﴿٢٥﴾

25. നാം അവർക്ക് ചില സഖാക്കളെ ഒരുക്കിയിട്ടുണ്ടായിരുന്നു. ആ സഖാക്കൾ അവരുടെ മുന്നിലും പിന്നിലുമുള്ളതെല്ലാം അവർക്കലങ്കാരമാക്കിക്കൊടുത്തു. അപ്പോൾ അവർക്കു മുമ്പ് കഴിഞ്ഞുപോയ നിരവധി ജിന്ന് സമൂഹങ്ങളിലും മർത്യ സമൂഹങ്ങളിലും പുലർന്നിട്ടുള്ള ശിക്ഷാവിധി അവരിലും പുലർന്നു. അവരൊക്കെയും മഹാനഷ്ടത്തിലകപ്പെട്ടവർ തന്നെയാകുന്നു.

**25**

وَقَيَّضْنَا لَهُمْ = അവർക്ക് ഒരുക്കിയിട്ടുണ്ടായിരുന്നു, അവരിൽ സ്വാധീനമുണ്ടാക്കിക്കൊടുത്തിരുന്നു

قُرَنَاءَ = ചില അടുപ്പക്കാരെ, സഖാക്കളെ

فَزَيَّنُوا لَهُم = അവർ (ആ സഖാക്കൾ) അവർക്ക് അലങ്കാരമാക്കി, ഭൂഷണമാക്കിക്കൊടുത്തു

مَّا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ = അവരുടെ മുന്നിലുള്ളതും പിന്നിലുള്ളതും എല്ലാം

وَحَقَّ عَلَيْهِمُ = (അപ്പോൾ) അവരിലും സത്യമായി (പുലർന്നു) الْقَوْلُ = വചനം (ശിക്ഷാവിധി)

فِي أُمَمٍ قَدْ خَلَتْ مِن قَبْلِهِم = അവർക്കു മുമ്പ് കഴിഞ്ഞുപോയ നിരവധി സമൂഹങ്ങളിൽ (പുലർന്നിട്ടുള്ള)

مِّنَ الْجِنِّ وَالْإِنسِ = മനുഷ്യനാലും ജിന്നിനാലുമുള്ള (സമൂഹങ്ങളിൽ)

إِنَّهُمْ كَانُوا = തീർച്ചയായും അവർ (അവരൊക്കെയും ആകുന്നു خَاسِرِينَ = നഷ്ടപ്പെട്ടവർ (മഹാ നഷ്ടത്തിലകപ്പെട്ടവർ)

ഏൽപിക്കലും ചുമതലപ്പെടുത്തലും സ്വാധീനത്തിലാക്കലും സൗകര്യപ്പെടുത്തിക്കൊടുക്കലുമൊക്കെയായ تقيّض-ൽനിന്നുള്ള ഉത്തമപുരുഷ ബഹുവചന ക്രിയയാണ് قيّضنا. നാം സ്വാധീനം നൽകി, അല്ലെങ്കിൽ ഒരുക്കിക്കൊടുത്തു എന്നാണ് ഇവിടെ ഉദ്ദേശ്യം. قرين-ന്റെ ബഹുവചനമാണ് قرناء. ഉറ്റ ചങ്ങാതിയും സഖാവും നിത്യസമ്പർക്കമുള്ള കൂട്ടുകാരനുമൊക്കെയാണ് قرين. ഈ നരകാവകാശികൾക്ക് ഇഹലോകത്ത് നാം ചില ദുഷ്ടന്മാരെ ഉറ്റ സഖാക്കളായി ഏർപ്പെടുത്തിക്കൊടുത്തിരുന്നു എന്നാണ് وَقَيَّضْنَا لَهُمْ قُرَنَاءَ യുടെ ആശയം. قيضنا- നാം ഏർപ്പെടുത്തി, സൗകര്യപ്പെടുത്തിക്കൊടുത്തു എന്നു പറയുന്നത് മറ്റു പലയിടത്തും അല്ലാഹു പിഴപ്പിച്ചു എന്നും, അല്ലാഹു സന്മാർഗത്തിലാക്കി എന്നും പറയുന്നതുപോലെയാണ്.

അതിന്റെ താൽപര്യം നേരത്തെ പലവട്ടം വ്യക്തമാക്കിയിട്ടുള്ളതാണ്. സൂക്തസാരം: ഉള്ളിലുള്ള പ്രകൃതിപരമായ ധർമബോധവും ദൈവഭയവും അടിച്ചമർത്തി ആസക്തികളെ പിന്തുടരുന്നവർക്ക്, ആ നിലപാടിനെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന തോഴന്മാരെ കണ്ടെത്തുക എന്നത് ഒരു ദൈവിക നിയമമാകുന്നു. ഒരാളെ മനസ്സിലാക്കാൻ അയാളുടെ ചങ്ങാതിയെ മനസ്സിലാക്കിയാൽ മതി എന്നു പറയാറുണ്ടല്ലോ. ചങ്ങാതിയിലുള്ള ഗുണങ്ങളും ദോഷങ്ങളും അടിസ്ഥാനപരമായി, തെളിഞ്ഞോ ഒളിഞ്ഞോ അയാളിലുമുണ്ടായിരിക്കും. ധർമബദ്ധനും ദൈവഭക്തനുമായ ഒരാൾക്ക് ആ രണ്ടു ഗുണങ്ങളും ഒട്ടുമില്ലാത്തവരെ, ആദർശവും സംസ്കാരവും പങ്കുവെക്കുന്ന ഉറ്റ ചങ്ങാതിയാക്കാനാവില്ല- അയാൾ എത്ര ഉറ്റ ബന്ധുവും അടുത്ത സഹപ്രവർത്തകനും ആയിരുന്നാലും ശരി. സാഹചര്യവശാൽ അത്തരക്കാരുമായി സമ്പർക്കം ആവശ്യമായി വന്നാൽ ആ സമ്പർക്കത്തിന് ആവശ്യകത നിശ്ചയിക്കുന്ന ഒരതിരുണ്ടാകും. അയാളെ സ്വന്തം സംസ്കാരത്തിലേക്കും ആദർശത്തിലേക്കും ആകർഷിക്കാൻ കഴിയുമ്പോഴേ ബന്ധം ആ അതിരിനപ്പുറം കടക്കൂ. അല്ലാതെ സന്മാർഗിയുടെ, ദുർമാർഗിയുമായുള്ള ബന്ധം ആവശ്യത്തിന്റെ അതിരു കടക്കുന്നതിനർഥം ദുർമാർഗിയുടെ ദുർഗുണങ്ങൾ സന്മാർഗിയെ ആകർഷിക്കുന്നുവെന്നാണ്. ആദ്യത്തേത് മഹാനേട്ടവും പുണ്യവുമാണെങ്കിൽ, രണ്ടാമത്തേത് മഹാനഷ്ടവും നാശവുമാകുന്നു. ദീനും തഖ്‌വയും-ധർമബദ്ധതയും ദൈവഭയവും ബോധപൂർവം മനസ്സിൽ രൂഢമൂലമാക്കിയ ദൃഢവിശ്വാസികൾക്കേ ദുർജന സമ്പർക്കം കൊണ്ട് നേട്ടമുണ്ടാക്കാനാകൂ. അവർക്ക് ചിലപ്പോൾ ചങ്ങാതിമാരുമായി ഏറ്റുമുട്ടേണ്ടതായും ത്യാഗങ്ങൾ അനുഷ്ഠിക്കേണ്ടതായും വന്നേക്കും. ദുർജന ഗുണങ്ങളിൽ ആകൃഷ്ടരാകുന്ന രണ്ടാമത്തെ കൂട്ടർക്ക് അതൊന്നും വേണ്ടിവരുന്നില്ല. തങ്ങൾ ആഗ്രഹിക്കുന്നതു തന്നെയാണല്ലോ അവർ കൂട്ടുകാരിൽ കാണുന്നത്. ആ ആകർഷണം പക്ഷേ, അവരിലുള്ള ബാഹ്യമായ ദീനീ സംസ്കാരത്തിന്റെ വെളിച്ചവും കെടുത്തിക്കളയുകയും നിത്യനരകത്തിലേക്കു നയിക്കുകയും ചെയ്യുന്നു. പരാമർശിക്കപ്പെടുന്ന قرناء ചെകുത്താൻ സ്വാധീനിച്ച മനുഷ്യരാകാം. മനസ്സിനുള്ളിൽ കടന്ന് അന്ധവിശ്വാസങ്ങളും അനാശാസ്യ

വികാരങ്ങളും ഉണർത്തിക്കൊണ്ടിരിക്കുന്ന അദൃശ്യവും പൈശാചിക ശക്തിയുമായ ദുഷിച്ച കൂട്ടുകെട്ടിൽ, അതു മനുഷ്യരുടേതായാലും ചെകുത്താന്റേതായാലും എത്രയും പെട്ടെന്ന് അതിൽനിന്ന് മോചനം നേടേണ്ടതുണ്ട്. ഇല്ലെങ്കിൽ അവരറിയാതെ അവർ ദുശ്ശീലങ്ങൾക്കും ദുർവിചാരങ്ങൾക്കും അടിപ്പെട്ടുപോകും. ബാഹ്യമായി ദീനും ദൈവബോധവുമുള്ളവർ ദുഷിച്ച കൂട്ടുകെട്ടിൽ ചെന്നുപെട്ടാൽ ആ കൂട്ടുകാർ ആദ്യം ശ്രമിക്കുക തങ്ങളിലുള്ള ദൈവനിഷേധം, മതനിഷേധം, മദ്യപാനം, മയക്കുമരുന്നുപയോഗം, അഗമ്യഗമനം, ചൂതാട്ടം തുടങ്ങിയ ദുശ്ശീലങ്ങൾ അവരിലേക്കു പകരാനാണ്. വല്ലപ്പോഴും ഒന്നു മദ്യപിച്ചതുകൊണ്ട്, ചൂതാടിയതുകൊണ്ട് ദോഷമൊന്നുമില്ല, അത് മനസ്സിനും ശരീരത്തിനും നല്ലതാണ് എന്ന മട്ടിലായിരിക്കും ആദ്യ പ്രേരണ. അതിനു വഴങ്ങുന്നവർക്ക് പിന്നീട് ആ ദുശ്ശീലങ്ങളിൽനിന്നോ അതു പഠിപ്പിച്ച സഖാക്കളിൽനിന്നോ മോചനം നേടാനാവുകയില്ല. ഈ കൂട്ടുകാർ സാദാ സുഹൃത്തുക്കളാകാം, സഹപ്രവർത്തകരാകാം, സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ പ്രവർത്തകരാകാം, കാമുകീ-കാമുകന്മാരാകാം, ആരാധ്യരായ സാഹിത്യ-കലാ-കായിക പ്രവർത്തകരാകാം. നരകാവകാശികളെ ആ പതനത്തിലെത്തിച്ച قرناء-നെയാണിവിടെ പരാമർശിക്കുന്നതെങ്കിലും സ്വർഗകാംക്ഷികൾക്ക് അതിലേക്ക് നയിക്കുന്ന قرناء-നെയും കണ്ടെത്താൻ കഴിയും. وَالَّذِينَ جَاهَدُوا فِينَا لَنَهْدِيَنَّهُمْ سُبُلَنَا (നമ്മുടെ കാര്യത്തിൽ പരിശ്രമിക്കുന്നവരെ നാം നമ്മുടെ സരണിയിലേക്ക് മാർഗദർശനം ചെയ്യുന്നതാകുന്നു) എന്ന് 29:69-ൽ പ്രസ്താവിച്ചിട്ടുണ്ട്.

ഉപരിസൂചിത നരകാവകാശികളെ അവരുടെ قرناء നരകത്തിലെത്തിച്ചതെങ്ങനെയെന്ന് വിശദീകരിക്കുകയാണ് فَزَيَّنُوا.... എന്ന വചനം. അവർ തുടർന്നു വരുന്ന അധാർമികവും അനാശാസ്യവുമായ ജീവിതക്രമം വളരെ വിശിഷ്ടവും മനോഹരവുമാണെന്ന് വർണിച്ചുകൊടുത്തു. ഈ വഴിക്കുപോയാൽ ഭാവിയും അതിശോഭനമാകും. ദൈവവും ധർമവുമെല്ലാം മിഥ്യയാണ്. മരണാനന്തര ജീവിതവും പരലോകവും അങ്ങനെത്തന്നെ. അഥവാ, മരണാനന്തരം ഒരു ജീവിതമുണ്ടെങ്കിൽ ആ ജീവിതവും നമുക്ക് ഈ ഭൗതിക ജീവിതം പോലെ തന്നെയായിരിക്കും. ധാർമികവും സദാചാരപരവുമായ മൂല്യങ്ങളും നിയമങ്ങളുമൊക്കെ മനുഷ്യന്റെ സ്വാതന്ത്ര്യം ഹനിക്കാൻ സ്ഥാപിത താൽപര്യക്കാർ ഉണ്ടാക്കിവെച്ച കൃത്രിമമായ വേലിക്കെട്ടുകളാണ്. ദൈവവിശ്വാസികളോട് പറഞ്ഞു: വാസ്തവത്തിൽ ദൈവമെന്നൊന്നില്ല. ഇനി, ദൈവത്തെ ആരാധിച്ചേ തീരൂ എന്നാണെങ്കിൽ എല്ലാവരും ഒറ്റ ദൈവത്തെ മാത്രം വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യേണ്ട കാര്യമില്ല. ഓരോ വ്യക്തിക്കും അവനിഷ്ടമുള്ള ഒന്നോ അതിലധികമോ ദൈവങ്ങളെ സങ്കൽപിക്കാം, അവരുടെ വിഗ്രഹങ്ങളുണ്ടാക്കാം, ആരാധിക്കാം. ഏതു അനാചാരത്തിന്റെയും അനാശാസ്യത്തിന്റെയും ജൽപനവും പ്രകടനവും അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെയും പേരിൽ ആദരിക്കപ്പെടുന്നു. അവിശ്വാസികൾക്കും ദുർബല വിശ്വാസികൾക്കും ഇത്തരം വസ്വാസുകളെ-ദുർബോധനങ്ങളെ പ്രതിരോധിക്കുക പ്രയാസകരമാണ്. അവർ ഭാഗികമായോ പൂർണമായോ അതിൽ വീണുപോവുകയും ചെയ്യുന്നു. എന്നാൽ, അചഞ്ചലമായ ഈമാനുള്ളവർ നിസ്സന്ദേഹം മനസ്സിലാക്കുന്നു, അതൊക്കെയും ഭൗതികാസക്തികളോടും അഭിനിവേശങ്ങളോടുമുള്ള അടിമത്തത്തിൽ രൂപംകൊള്ളുന്ന ആശയങ്ങളാണെന്നും തികച്ചും അവഗണിക്കപ്പെടേണ്ടതാണെന്നും.

ഈ നരകാവകാശികൾക്കു മുമ്പും മനുഷ്യവർഗത്തിലും ജിന്നുവർഗത്തിലും പെട്ട നിരവധി സമൂഹങ്ങൾ ഇത്തരം മോഹന വർത്തമാനങ്ങളിൽ വീണു പോയിട്ടുണ്ട്. തദ്ഫലമായി അല്ലാഹുവിന്റെ ശിക്ഷാവിധി അവരിൽ പുലർന്നു. അവർ സർവതും നഷ്ടപ്പെട്ടവർ ആയിത്തീരുകയും ചെയ്തു. ഈ സൂക്തം പ്രവാചകന്റെയും ഇസ്‌ലാമിന്റെയും ശത്രുക്കൾക്കുള്ള കനത്ത താക്കീതുമാകുന്നു. നരകകവാടത്തിലെത്തിയവരെ അവരുടെ ഭൗതിക ജീവിതത്തിലെ ചെയ്തികളെക്കുറിച്ചോർമിപ്പിക്കുന്നത്, ആ സന്ദർഭത്തിൽ അതെക്കുറിച്ചോർത്തതുകൊണ്ട് അവർക്കു പ്രയോജനമുള്ളതുകൊണ്ടല്ല. അവരുടെ ദുരവസ്ഥ വർണിക്കുന്നത് ജീവിച്ചിരിക്കുന്നവർക്ക് ഗുരുതരമായ പാഠമാകുന്നതുകൊണ്ടാണ്. ●